**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1122** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കുറ്റ്യാടി മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കുറ്റ്യാടി മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണുള്ളത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കോഴിക്കോട് ജില്ലയിൽ ഡിജിറ്റൽ സർവെയുടെ രണ്ടാം ഘട്ടത്തിൽ പാലയാട് വില്ലേജിനെയും മൂന്നാം ഘട്ടത്തിൽ കുന്നമ്മൽ, തിരുവള്ളൂർ എന്നീ വില്ലേജുകളെയും നാലാം ഘട്ടത്തിൽ വില്യാപള്ളി വില്ലേജിനെയും ഉൾപ്പെടുത്തി കുറ്റ്യാടി നിയമസഭമണ്ഡലത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതും നടപടികൾ പുരോഗതിയിലുമാണ്.

**(ബി)** നിലവിൽ മണ്ഡലത്തിലെ എത്ര വില്ലേജുകളിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വില്ലേജുകൾ തിരിച്ചുള്ള വിശദാംശം നൽകുമോ;

**<u>മറുപടി:</u>** കുറ്റ്യാടി മണ്ഡലത്തിൽ നിലവിലുള്ള 10 വില്ലേജുകളിൽ പാലയാട്, കുന്നമ്മൽ, തിരുവള്ളൂർ, വില്യാപള്ളി എന്നീ 4 വില്ലേജുകൾ ഡിജിറ്റൽ സർവെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലയാട് വില്ലേജിൽ ഫീൽഡ് ജോലികൾ പൂർത്തീകരിച്ച് കേരള സർവെ അതിർത്തി നിയമപ്രകാരമുള്ള 9(2) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ നടപടികൾ അന്തിമഘട്ടത്തിലാണ്. കുന്നമ്മൽ വില്ലേജിൽ ഏകദേശം 73 ശതമാനം ഫീൽഡ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. തിരുവള്ളൂർ, വില്യാപള്ളി വില്ലേജുകളിൽ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരികയാണ്.

**(സി)** മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ കോഴിക്കോട് ജില്ലയിൽ 4 താലൂക്കുകളിലായി 27 വില്ലേജുകളിൽ ഡിജിറ്റൽ സർവെ പദ്ധതി വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലാണ്. ജില്ലയിലെ എല്ലാ നിയമസഭ മണ്ഡലങ്ങൾക്കും ഒരുപോലെ പ്രാധാന്യം നൽകിക്കൊണ്ട് ജില്ലയിൽ നിലവിലുള്ള 118 വില്ലേജുകളിലും പദ്ധതി നടപ്പാക്കി സമയബന്ധിതമായി പൂർത്തീകരിക്കത്തക്ക തരത്തിലാണ് ഡിജിറ്റൽ സർവെ ജോലികൾ വിഭാവനം ചെയ്തിട്ടുള്ളത്. ജനപ്രതിനിധികളിൽ നിന്നുമുള്ള നിർദ്ദേശങ്ങളും, ജില്ലാ ഭരണകൂട ശിപാർശയും ഓരോഘട്ടത്തിലും ജില്ലയിലെ 4 താലൂക്കുകൾക്കും ഒരുപോലെ പ്രാതിനിധ്യം നൽകിയുമാണ് നിലവിൽ പദ്ധതിക്കായി വില്ലേജുകളെ തിരഞ്ഞെടുക്കുന്നത്.

ആകയാൽ ഒരു മണ്ഡലത്തിന്റെ മാത്രം പൂർത്തീകരണം സംബന്ധിച്ച് കൃത്യമായ തീയതി അറിയിക്കുന്നതിന് നിലവിൽ സാധിക്കില്ലെങ്കിലും ജില്ലയിലെ മുഴുവൻ വില്ലേജുകളിലും ഡിജിറ്റൽ സർവ്വ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**